(ഡി) ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നെൽക്കൃഷി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുമാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്ക്കൃത നെൽക്കൃഷി വികസന പദ്ധതികൾ. പ്രസ്തുത പദ്ധതികൾക്കായി യഥാക്രമം 681.69 ലക്ഷം രൂപയും 262.35 ലക്ഷം രൂപയുമാണ് കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന സഹായം.

(ബി) ഉണ്ട്.

(സി) കേന്ദ്ര പദ്ധതികൾക്ക് നിശ്ചിത മാനദണ്ഡം അനുസരിച്ച് മാത്രമേ കേന്ദ്ര സഹായം അനുവദിക്കുകയുള്ളൂ. ഇക്കാര്യത്തിലുള്ള മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു.† മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരമുള്ള നെൽക്കൃഷി വികസന പദ്ധതിക്ക് മാനദണ്ഡം അനുസരിച്ചുള്ള കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ പാലക്കാട് ജില്ലയെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ സംസ്ഥാനത്തെ മറ്റ് ജില്ലകളെക്കൂടി ഉൾപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഇക്കാര്യത്തിൽ പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.

വൈദ്യുതി രംഗത്ത് സ്വകാര്യമേഖലയെ പ്രയോജനപ്പെടുത്താൻ പദ്ധതികൾ

25 (*595) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് സ്വകാര്യമേഖലയെ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നയമെന്താണെന്നും എത്ര സ്വകാര്യ പദ്ധതികൾക്കും ഏജൻസികൾക്കും അനുമതി നൽകി എന്നും വിശദമാക്കുമോ ;

(സി) ഇവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസരണ വിതരണ മേഖലയിൽ സ്വകാര്യ മൂലധനം സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്.

(ബി & സി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾക്കനുസരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗരേഖ പുതുക്കുകയും അതനുസരിച്ച് 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിലെ പ്രമോട്ടർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ.(എംഎസ്.)നമ്പർ.23/2004/പി.ഡി. തീയതി 6-11-2004 എന്ന ഉത്തരവുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള നയ സമീപനമാണ് പവന വൈദ്യുതോൽപ്പാദനത്തിന് സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കുന്നതിന് അടിസ്ഥാനം (അനുബന്ധം 1,2)* സ്വകാര്യ പങ്കാളിത്തത്തോടെ 3.5 മെഗാവാട്ടിന്റെ പവന വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പ്രകാരം സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ സംരംഭകർവഴി ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും 7 മെഗാവാട്ടും (അള്ളുങ്കൽ) കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളിൽനിന്നായി 28.05 മെഗാവാട്ടും കോ-ജനറേഷൻ പദ്ധതിവഴി 10 മെഗാവാട്ടും ശേഷിയുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽവരുത്താൻ കഴിഞ്ഞു. അഗളിയിൽ 600 കിലോവാട്ടിന്റെ ആറ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പവന വൈദ്യുതോൽപ്പാദനം നടത്തുന്നതിന് മൂന്ന് സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 3).* JNNSM പദ്ധതിയിൽ രണ്ട് പ്രമോട്ടർമാരെ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ ഇ.എം.സി.-വഴി സ്വകാര്യ സംരംഭകർക്ക് 13 പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ (പട്ടിക അനുബന്ധം 4 ആയി ചേർക്കുന്നു.)* മെസ്സേഴ്സ് വിയ്യാത്ത് പവ്വർ ലിമിറ്റഡിന് നൽകിയ ഇരുട്ടുകാനം 3 മെഗാവാട്ടിന്റെ പദ്ധതിയിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ കെ.എസ്.ഇ.ബി. ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സൂര്യപ്രകാശത്തിൽനിന്നും 20 മെഗാവാട്ടിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ (JNNSM) പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിൽവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉദ്ദേശിക്കുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly